A3/101/2024-CLAD-Part(2)
**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.148/2025/CLAD തീയതി, തിരുവനന്തപുരം, 19-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.442/2024/CLAD തീയതി 09.08.2024.
2. സ.ഉ.(സാധാ)നം.712/2024/CLAD തീയതി 13.12.2024
3. സ.ഉ.(സാധാ)നം.717/2024/CLAD തീയതി 13.12.2024.
4. സ.ഉ.(സാധാ) നം.720/2024/CLAD തീയതി 17.12.2024.
5. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15.03.2025 തീയതിയിലെ 6412/A2/2023/KSFDC നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി "4202-04-190-99-01 (പ്ലാൻ)" എന്ന ശീർഷകത്തിൽ 18,00,00,020/- രൂപ (പതിനെട്ട് കോടി ഇരുപത് രൂപ മാത്രം) വകയിരുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം പരാമർശം (2) പ്രകാരം 1195 ലക്ഷമായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി പദ്ധതിവിഹിതം 11,95,00,993/- രൂപ (പതിനൊന്ന് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ആയി നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പദ്ധതി വിഹിതത്തിൽ നിന്നും ആദ്യ ഗഡുവായി 7,20,00,000/- (ഏഴ് കോടി ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കണമെന്ന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** പദ്ധതി വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കണമെന്ന കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷം "4202-04-190-99-01 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 1,80,00,000/-രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700000507 എന്ന എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന മേധാവി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന മേധാവി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

**4.** ഇതോടൊപ്പം ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

1) 16/04/2018-ലെ സ.ഉ.(പി) 62/18 ധന ഉത്തരവിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 9/12/08-ലെ സർക്കുലർ നം. 84/2008/ധന-യിലെയും 30/01/18-ലെ സർക്കുലർ നം. 08/2018/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ) നം. 04/2020/ധന. പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4) 11/06/2018-ലെ സ.ഉ. 88/18/ധന-യിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

5) ഭാവിയിൽ ഫണ്ട് റിലീസിനായി ഫയൽ ധനവകുപ്പിന് സമർപ്പിക്കുമ്പോൾ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് സംബന്ധിച്ച ഡിക്ലറേഷൻ, പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കർശനമായും നൽകേണ്ടതാണ്.

6) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2900878/PU-C2/120/2024-FIN Dated 19.03.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 19-03-2025 17:14:13
സെക്ഷൻ ഓഫീസർ